# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7444 | 17.7.2012-ൽ മറുപടിയ്ക്ക്

സംസ്ഥാന ഹോൾട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. എ. ബേബി<br>,, ബി. സത്യൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന ഹോൾട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എറ്റവും ഒടുവിൽ സർക്കാർ തലത്തിൽ അവലോകനം നടത്തിയത് എപ്പോഴാണ്; | (എ) | ഉണ്ട്; കാർഷികോത്പാദന കമ്മീഷണർ അദ്ധ്യക്ഷനായുള്ള സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും കൃഷി മന്ത്രി അദ്ധ്യക്ഷനായുള്ള ജനറൽ ബോഡിയിലും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. 2012 ജനുവരി 7- ാം തീയതി കൂടിയ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലാണ് ഏറ്റവും ഒടുവിൽ സർക്കാർ തലത്തിൽ അവലോകനം നടത്തിയത്. |
| (ബി) | മിഷന്റെ പ്രവർത്തനലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കമോ; | (ബി) | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന സ്ഥാപനമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ |

കേരള. 2005-06 മുതൽ നാളിതുവരെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതി നടത്തിപ്പിനായി ലഭിച്ച 407.29കോടി രൂപയിൽ 406.448 കോടി രൂപ ചെലവഴിയ്ക്കുകയും ചെയ്തു. 2009-10 മുതൽ ദേശീയ ഔഷധസസ്യ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ദേശീയ ഔഷധസസ്യ മിഷന്റെ വാർഷിക കർമ്മ പദ്ധതി നടത്തിപ്പിനായി ലഭിച്ച 8.378 കോടി രൂപയിൽ 8.342 കോടി രൂപ ചെലവഴിയ്ക്കുകയും ചെയ്തു. കൂടാതെ 2011-12-ൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു;

1. തിരുവനന്തപുരം ജില്ലയിലെ നഗര പ്രാന്തപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1071 ലക്ഷം രൂപ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതി പൂർത്തീകരിച്ചു.
2. പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരക്ഷിത കൃഷിക്കായി 505 ലക്ഷം രൂപയുടെ പദ്ധതി
3. 500 ഹെക്ടർ സ്ഥലത്ത് വാഴ,

പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷി നടപ്പിലാക്കുന്നതിനായി 280 ലക്ഷം രൂപയുടെ പദ്ധതി.

4. 1000 ഹെക്ടർ സ്ഥലത്ത് ടിഷ്യുക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 312 ലക്ഷം രൂപയുടെ പദ്ധതി.

5. കർഷകരെയും സ്ത്രീകളേയും കൂൺകൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി 250 യൂണിറ്റ് കൂൺകൃഷി വികസനത്തിന് 28.13 ലക്ഷം രൂപയുടെ പദ്ധതി

6. ഇടുക്കി ജില്ലയിൽ ശീതകാല ഫലവർഗ്ഗകൃഷി വികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന 606.3 ലക്ഷം രൂപയുടെ പദ്ധതി.

7. വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ ശീതകാല പച്ചക്കറികൃഷി പ്രോത്സാഹനം ലക്ഷ്യമിടുന്ന 1164.05 ലക്ഷം രൂപയുടെ പദ്ധതി.

| | | | |
|---|---|---|---|
| (സി) | മിഷന് പന്ത്രണ്ടാം പദ്ധതിയിൽ കേന്ദ്രസഹായത്തിന്റെ അനുപാതത്തിൽ കുറവുണ്ടായിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഗവേഷണരംഗത്ത് മിഷന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ എന്താണ്? | (ഡി) | ഗവേഷണരംഗത്ത് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**